# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2656 — 06/02/2018ൽ മറുപടിയ്ക്ക്

## വനപരിപാലനത്തിനായി പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.അനൂപ് ജേക്കബ് | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | വന പരിപാലനത്തിനായി വന സംരക്ഷണ സമിതികൾ/ ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; | എ | പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടേയും ഏജൻസികളുടേയും ധനസഹായം ഉപയോഗിച്ചുള്ള ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി, ദേശീയ വന വൽക്കരണ പദ്ധതി, ദേശീയ ബാംബൂ മിഷൻ പദ്ധതികൾ, ദേശീയ മെഡിസിനൽ പ്ലാന്റ്സ് ബോർഡിന്റെ പദ്ധതികൾ എന്നിവയും വന്യ ജീവി സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും നടത്തുന്ന ഇക്കോടൂറിസം പ്രവർത്തനങ്ങളു മാണ് നടപ്പിലാക്കി വരുന്നത്. |
| ബി | ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതിയിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത്; | ബി | ഗ്രീൻ ഇൻഡ്യ മിഷൻ പ്രവർത്തനങ്ങളിൽ 5 ഉപദൗത്യങ്ങളാണുള്ളത്. പ്രക്ഷീണ വനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കൽ, വനാവരണം വർദ്ധിപ്പിക്കലും ജൈവവ്യവസ്ഥയുടെ പുനർ നിർമ്മാണവും നഗര–ഉപനഗര പ്രദേശങ്ങളിൽ വൃക്ഷാവരണം വർദ്ധിപ്പിക്കൽ, കാർഷിക വന വൽക്കരണവും, സാമൂഹ്യ വനവൽക്കരണവും, ശോഷിത തണ്ണീർത്തടങ്ങളുടെ പുനർ നിർമ്മാണം എന്നിവയോടൊപ്പം പാരമ്പര്യേതര ഇന്ധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേക പരിഗണന നൽകുന്നു. |
| സി | വന പ്രദേശങ്ങളിലെ നീർത്തട സംരക്ഷണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ ഫലപ്രദമാണോ ; എങ്കിൽ അതിലൂടെ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | സി | വന പ്രദേശങ്ങളിലെ നീർത്തട സംരക്ഷണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ ഫലപ്രദമാണ്. വനപ്രദേശങ്ങളിലെ നീർത്തട സംരക്ഷണം മുൻനിർത്തി കാട്ടിനുള്ളിലെ ചെക്ക്ഡാമുകളും ജലസ്രോതസ്സുകളും നവീകരിക്കുകയും , കുളങ്ങൾ വൃത്തിയാക്കുകയും ,ചെക്ക് ഡാമുകളുടെ ചോർച്ച അടച്ച് പരമാവധി |

| | | | |
|---|---|---|---|
| | | | ജല ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വനത്തിനുള്ളിലെ വയലുകളിൽ ഉണ്ടായിരുന്ന അധിനിവേശ സസ്യങ്ങളെ നീക്കം ചെയ്ത് വയലുകൾ സംരക്ഷിക്കുന്നതിനും അതുവഴി മഴക്കാലത്ത് പരമാവധി ജലസംരക്ഷണം ഉറപ്പുവരുത്തി സമീപ പ്രദേശങ്ങളിലുള്ള നീരുറവകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ